- 100 ടൺ കപ്പാസിറ്റിയുള്ള വേയ് ബ്രിഡ്ജിന്റെ നിർമ്മാണം കൊല്ലം ഉറമുഖത്ത് പൂർത്തിയാക്കിയിട്ടുണ്ട്.
- സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ ഉറമുഖങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.
- കൊല്ലത്തും കൊടുങ്ങല്ലൂരും രണ്ട് വീതവും, ബേപ്പൂർ, അഴീക്കൽ എന്നീ ഉറമുഖങ്ങളിൽ ഒന്നു വീതവും ഗോഡൗണുകൾ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- മത്സ്യ മാംസാദികൾ പച്ചക്കറികൾ, തുടങ്ങി പെട്ടെന്ന് നശിക്കുവാൻ സാദ്ധ്യതയുള്ള ചരക്കുകൾ സംഭരിച്ച് കേടുപാടു കൂടാതെ സൂക്ഷിക്കുന്നതിനായി വിഴിഞ്ഞം, കൊല്ലം, വലിയഉറ, കൊടുങ്ങല്ലൂർ എന്നീ ഉറമുഖങ്ങളിൽ ശീതീകരണ സംവിധാനത്തോടുകൂടിയ ഗോഡൗണുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- കൊല്ലം ഉറമുഖത്തിന്റെ ആഴം 9 മീറ്റർ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

മാവോയിസ്റ്റ് പ്രവർത്തനം

20 (*20) ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. പി. ബി. അബ്ദുൾ റസാക് :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവോവാദികൾ സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾക്കിടയിലും പിന്നോക്ക മേഖലയിലെ ജനങ്ങൾക്കിടയിലും സ്വാധീനമുണ്ടാക്കിയെടുക്കാൻ പരിശ്രമിക്കുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിക്കാനാവുമെന്നു സംബന്ധിച്ച് വിശദപരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) സർക്കാർ പ്രഖ്യാപിക്കുന്ന വികസന പ്രവർത്തനങ്ങളുടെ ഗുണഫലം ഇവിടങ്ങളിൽ എത്തിച്ചേരാത്തതും, സിവിൽ ഭരണ സംവിധാനത്തിൽ ഉണ്ടാകുന്ന വീഴ്ചകളും മാവോവാദികൾ മുതലെടുക്കുമെന്നതിനാൽ അവ പരിഹരിക്കുന്ന കാര്യത്തിൽ അടിയന്തരശ്രദ്ധ ഉണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) സംസ്ഥാനത്തിന്റെ വടക്കൻ വനമേഖലയിൽ ആദിവാസി വിഭാഗങ്ങൾക്കിടയിലും പിന്നോക്ക മേഖലയിലെ ജനങ്ങൾക്കിടയിലും മാവോയിസ്റ്റുകൾ സ്വാധീനം ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ആദിവാസി പിന്നോക്ക മേഖലയിൽ മാവോയിസ്റ്റുകൾ സ്വാധീനമുറപ്പിക്കുന്നത് തടയുന്നതിനായി പ്രസ്തുത മേഖലയിൽ വിവിധ ക്ഷേമപദ്ധതികളും പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. മാവോവാദികളുടെ പ്രവർത്തനം അമർച്ചചെയ്യാൻ പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിലുള്ള നടപടികളാണ് മുഖ്യമായും കൈകൊണ്ടുവരുന്നത്. മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷൻ തലം മുതൽ ജില്ലാ പോലീസ് മേധാവിതലം വരെയുള്ള ഉദ്യോഗസ്ഥരെ ശരിയാംവണ്ണം തെരഞ്ഞെടുക്കുന്നതിലും ആവശ്യമായ പരിശീലനം നൽകുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഉപയോഗിക്കാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിലുണ്ട്.

(സി) സർക്കാർ പ്രഖ്യാപിക്കുന്ന വികസന പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ ആദിവാസി പിന്നോക്ക മേഖലയിൽ ശരിയാംവണ്ണം എത്തിച്ചേരാത്തത് മാവോവാദികൾ മുതലെടുക്കാൻ സാദ്ധ്യതയുള്ളതിനാൽ ആയത് ചെറുക്കുന്നതിനും വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ ശരിയാംവണ്ണം ആദിവാസി വിഭാഗങ്ങൾക്കിടയിൽ എത്തിച്ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട 14 ആദിവാസി മേഖലകളിൽ യുവാക്കളും കാര്യപ്രാപ്തിയുള്ളവരുമായ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരെ സ്പെഷ്യൽ/നോഡൽ ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. വനമേഖലകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിന് ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ വനഗോത്രവർഗ്ഗ പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ഡോ.ബി.സന്ധ്യ ഐ.പി.എസിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി

21 (*21) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly